(സി) 1. വനശ്രീ യൂണിറ്റുകളുടെ മേൽനോട്ടത്തിനായി വന വികാസ ഏജൻസികളിൽ പ്രത്യേക കമ്മിറ്റികളെ ചുമതലപ്പെടുത്തി.

2. സംസ്ഥാന വന വികാസ ഏജൻസിയുടെ കീഴിൽ "വനശ്രീ സെൽ" - ന്റെ പ്രവർത്തനം ഊർജ്ജിതമാക്കി.

3. പ്രവർത്തന ഫണ്ട് സമയത്തിന് ലഭ്യമാക്കുവാനായി വന വികാസ ഏജൻസിയിൽ "റിവോൾവിംഗ് ഫണ്ട്" രൂപീകരിച്ചു.

4. ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുവാൻ ദേശീയ ഔഷധ സസ്യ ബോർഡിന്റെയും മറ്റ് വിവിധ സർക്കാർ ഏജൻസികളിൽ നിന്നും ധനസഹായത്തിനായി പദ്ധതികൾ തയ്യാറാക്കിവരുന്നു.

5. വനശ്രീ വിഭവങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പായ്ക്കിംഗ് മെച്ചപ്പെടുത്തുന്നതിനും മറ്റ് വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും വിദഗ്ധ പഠനം നടത്തുന്നതിന് തീരുമാനിച്ചു.

6. വനവിഭവ ശേഖരണത്തിലേർപ്പെടുന്ന ആദിവാസികൾക്ക് വിപണി വിലയുമായി ബന്ധപ്പെട്ട് പ്രതിഫലം ഉടനടി നൽകുവാൻ നടപടിയെടുത്തു.

7. വനശ്രീയുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് ചെയ്യുവാൻ നടപടിയെടുത്തു.

8. വനശ്രീ വിഭവങ്ങൾ ഓൺലൈനായി വിൽക്കുന്നതിന് നടപടി ആരംഭിച്ചു.

കണ്ടൽ അധിഷ്ഠിത ജൈവ വേലി നിർമ്മാണം

268 (3780) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീര സംരക്ഷണത്തിന് കണ്ടൽ അധിഷ്ഠിത ജൈവ വേലി നിർമ്മിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ എവിടെയെല്ലാം ഇത്തരത്തിലുള്ള വേലികൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത വേലികൾ സ്ഥാപിച്ച സ്ഥലങ്ങളിൽ ഉദ്ദേശിച്ച ഫലം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സംരക്ഷണ വേലി വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കടൽത്തീര സംരക്ഷണത്തിന് കണ്ടൽ അധിഷ്ഠിത ജൈവവേലി നിർമ്മിക്കുന്നത് സംബന്ധിച്ച് സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൽ പഠനം നടത്തിയിട്ടില്ല. കടലാക്രമണം തടയുന്നതിനായി കൊല്ലം, എറണാകുളം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഹരിതതീരം പദ്ധതിയിലുൾപ്പെടുത്തി 2007-2010 വർഷം വരെ 14.65 ഹെക്ടറിൽ കണ്ടൽത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

കൂടാതെ, കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കീഴിലുള്ള കൊളാവി, മണ്ണൂർ (കടലുണ്ടി) എന്നീ ഭാഗങ്ങളിൽ അഴിമുഖങ്ങളോടുചേർന്ന് 2 ഹെക്ടർ സ്ഥലത്തും തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ അന്തിക്കാട് ബ്ലോക്കിൽപ്പെട്ട കണ്ടശാംകടവ് പാലത്തിന് സമീപം 8000 കണ്ടൽച്ചെടികളും ഈ വർഷം നട്ടുപിടിപ്പിച്ചിട്ടുണ്ട്.

(ബി) കണ്ടൽച്ചെടികൾ മുൻ വർഷങ്ങളിൽ നട്ടുപിടിപ്പിച്ച സ്ഥലങ്ങളിലെല്ലാം ഉദ്ദേശിച്ച ഫലപ്രാപ്തി ഉണ്ടായിട്ടുണ്ട്. വരും വർഷങ്ങളിലും കണ്ടൽച്ചെടികൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

സോളാർ ഫെൻസിംഗ്

269 (3781) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം നേടുന്നതിന് ടൈബൽ സെറ്റിൽമെന്റ് മേഖലകളിൽ സോളാർ ഫെൻസിംഗ് നടത്തുന്നതിന് വനം വകുപ്പിൽ നിന്ന് സഹായം ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ടൈബൽ ഡിപ്പാർട്ട്മെന്റ് മുൻകൈ എടുത്ത് സ്ഥാപിക്കുന്ന അത്തരം സോളാർ ഫെൻസിംങ്ങിന് വനം വകുപ്പ് അനുമതി നിഷേധിക്കാറുണ്ടോ ?

ഉത്തരം

(എ) വനമേഖലകളിൽ വന്യമൃഗശല്യം കുറയ്ക്കുന്നതിന് വിവിധ പദ്ധതികളിലെ ഫണ്ട് വിനിയോഗിച്ച് സോളാർ പവർ ഫെൻസിംഗ് ചെയ്യുവരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം വരെ 707 കിലോമീറ്റർ നീളത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. സോളാർ ഫെൻസിംഗ് പ്രവൃത്തികൾ നടത്തുമ്പോൾ ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് പദ്ധതി നടപ്പാക്കാറുള്ളത്.